48

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 SEPTEMBER 2023




# DREAMVESTOR

# ഡ്രീംവെസ്റ്റർ ഇന്നൊവേറ്റീവ് ഐഡിയ കോണ്ടസ്റ്റ്

## ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പുരസ്കാരങ്ങൾ വിതരണം ചെയ്തു



ഒന്നാം സ്ഥാനം : ശ്രീ. പി. അർജ്ജുൻ



രണ്ടാം സ്ഥാനം : കെ.ജി ഹരീഷ്



മൂന്നാം സ്ഥാനം : ശ്യാം പ്രദീപ്

നൂതന ബിസിനസ് ആശയങ്ങളെ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച ഡ്രീംവെസ്റ്റർ നൂതന സംരംഭക ആശയ മത്സര വിജയികളെ പ്രഖ്യാപിച്ചു. 2023 ആഗസ്റ്റ് 19ന് കൊച്ചി താജ് ഗേറ്റ്‌വേ ഹോട്ടലിൽ നടന്ന ചടങ്ങിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ് മത്സര വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. കോഴിക്കോട് ജില്ലയിൽ നിന്നുള്ള **ശ്രീ. പി. അർജുനാണ്** ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

നൂതന സംരംഭകാശയങ്ങളും അവ പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തിയും കൈമുതലായ മികവുറ്റ മത്സരാർത്ഥികൾ ഏറ്റുമുട്ടിയ ഡ്രീംവെസ്റ്റർ' മത്സരത്തിലെ വിജയികളെ തീരുമാനിക്കുന്നതിൽ നിർണായകമായത് വേറിട്ട ആശയങ്ങൾ തന്നെയാണ്. ക്വീൻസ് ഇൻസ്റ്റ എന്ന പേരിൽ ഒരു മിനിറ്റ് കൊണ്ട് തയ്യാറാക്കാൻ കഴിയുന്ന ഇൻസ്റ്റന്റ് ഓംലെറ്റ് എന്ന ആശയമാണ് ശ്രീ. അർജുനെ പുരസ്കാരത്തിന് അർഹനാക്കിയത്. പ്രസ്തുത ഉത്പന്നം എത്രയും വേഗം വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. റോബോട്ടിക്സ് മേഖലയെ അടിസ്ഥാനമാക്കി **ശ്രീ. കെ.ജി ഹരീഷ്** അവതരിപ്പിച്ച സ്റ്റെമ്പയോ എന്ന ആശയം രണ്ടാം സ്ഥാനത്തിനായി തിരഞ്ഞെടുത്തു. പുതുതലമുറ റോബോട്ടുകൾ നിർമ്മിക്കുകയും വിദ്യാർത്ഥികൾക്ക് റോബോട്ടിക്സുമായി ബന്ധപ്പെട്ട ക്ലാസുകൾ നൽകുകയും ചെയ്യുന്നതിനുള്ള ആശയമാണ് സ്റ്റെമ്പയോ. ഇ ലേണിംഗ് പ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയുള്ള ടൂട്ടറെന്ന ആശയം അവതരിപ്പിച്ച **ശ്രീ. ശ്യാം പ്രദീപിനാണ്** ഡ്രീംവെസ്റ്ററിൽ മൂന്നാം സ്ഥാനം ലഭിച്ചത്. ഒന്നാം സമ്മാനത്തിന് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിച്ചവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയും ക്യാഷ് അവാർഡ് വിതരണം ചെയ്തു.

സംസ്ഥാന സർക്കാർ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ സംരംഭകത്വ വികസന പ്രവർത്തങ്ങങ്ങളുടെ ഭാഗമായിട്ടായിരുന്നു ഡ്രീംവെസ്റ്റർ മത്സരം സംഘടിപ്പിച്ചത്. അഭ്യസ്ത വിദ്യരായ യുവജനത അന്യരാജ്യങ്ങളിലേക്ക് കുടിയേറുന്നതും അവരുടെ കഴിവും പരിശ്രമങ്ങളും മറ്റ് സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് പകരം നമ്മുടെ നാട്ടിൽ തന്നെ വിനിയോഗിക്കുന്നതിനും ആയിരുന്നു മത്സരം ലക്ഷ്യം വച്ചത്.

816 എൻട്രികളാണ് ഡ്രീംവെസ്റ്റർ മത്സരാർത്ഥികളായി കടന്നു വന്നത്. അതിൽ നിന്നും അഗ്രി & ഫുഡ് പ്രോസസ്സിംഗ്, ഇലക്ട്രോണിക്സ് &ഐ.ടി, ബിസിനസ് ഇന്നവേഷൻ, ലൈഫ് സയൻസ് &ഹെൽത്ത് കെയർ എന്നീ വിഭാഗങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട മികച്ച 19 ആശയങ്ങളാണ് ഫൈനൽ റൗണ്ടിൽ ഏറ്റുമുട്ടിയത്.

ബഹു. കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്, ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കേരള സ്റ്റേറ്റ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പി. ജെ ജോസ്, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി മുൻ ചെയർമാൻ ഡോ. ജീമോൻ കോര, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (ഫിക്കി) കേരള ഹെൽത്ത് കമ്മിറ്റി ചെയർമാൻ ശ്രീ. ബിബു പുന്നൂരാൻ, ടൈ കേരള വൈസ് പ്രസിഡന്റ് ശ്രീ. വിവേക് കൃഷ്ണ ഗോവിന്ദ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്. തുടങ്ങിയവർ പങ്കെടുത്തു.

## ഭക്ഷ്യ സംസ്കരണ മൂല്യവർധിത ഉത്പന്നങ്ങളിൽ നൂതന സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗിക്കണം

# അറിവരങ്ങായി പ്രാദേശിക വ്യവസായ സമ്മേളനം

ഭക്ഷ്യസംസ്ക്കരണ മേഖലയിൽ നാനോ-ജീനോം സാങ്കേതിവിദ്യ തുടങ്ങിയവയ്ക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാനാകുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കായി കൊച്ചിയിൽ നടത്തിയ പ്രാദേശിക വ്യവസായ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആദ്യ ജീനോം ഡാറ്റാ സെൻ്റർ കേരളത്തിൽ അടുത്തിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വ്യവസായമേഖലയ്ക്ക് ഈ ഡാറ്റാ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണെന്നും ബഹു. വ്യവസായ വകുപ്പ് മന്ത്രി പറഞ്ഞു.

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പ് സംഘടിപ്പിക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ വ്യവസായ സംഗമത്തിന് മുന്നോടിയായാണ് പ്രാദേശിക വ്യവസായ സമ്മേളനം നടത്തിയത്. 2023 നവംബർ മൂന്നു മുതൽ അഞ്ചുവരെ ന്യൂഡൽഹി പ്രഗതി മൈതാനിയിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ സംഗമത്തിൻ്റെ സ്റ്റേറ്റ് പാർട്ണർ ആണ് കേരളം.

സംസ്ഥാനത്താദ്യമായി ആരംഭിക്കുന്ന സ്പൈസസ് പ്രോസസിംഗ് പാർക്ക് 2023 സെപ്റ്റംബറിൽ തൊടുപുഴയിൽ ഉദ്ഘാടനം നടത്തും. സംസ്ഥാനത്തെ ആദ്യ കാർബൺ ന്യൂട്രൽ പാർക്കിനും ഒക്ടോബറിൽ തറക്കല്ലിടും. പരമ്പരാഗതമായ ഭക്ഷ്യസംസ്ക്കരണ ശീലങ്ങളിൽ നിന്നും നാം മാറി ചിന്തിക്കേണ്ടതുണ്ട്. ലോകവിപണിയെ ലക്ഷ്യം വച്ചു കൊണ്ടാകണം ഓരോ




ഭക്ഷ്യസംസ്ക്കരണ യൂണിറ്റും പ്രവർത്തിക്കേണ്ടത്. പഴക്കൃഷിയെ തോട്ടവിളയായി കണക്കാക്കുന്നത് സർക്കാരിൻ്റെ സജീവ പരിഗണനയിലാണെന്നും . ബഹു. മന്ത്രി പി രാജീവ് പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പ് അഡി. സെക്രട്ടറി ശ്രീ. മിൻഹാജ് ആലം ഐ.എ.എസ്., കെഎസ്ഐഡിസി എംഡിയും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്., കെഎസ്ഐഡിസി ചെയർമാൻ ശ്രീ. പോൾ ആൻ്റണി റിട്ട ഐ.എ.എസ്. തുടങ്ങിയവർ സംസാരിച്ചു.

ഭക്ഷ്യ സംസ്ക്കരണ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സഹകരണം, പിന്തുണ എന്നിവയെക്കുറിച്ചുള്ള വിശദമായ ചർച്ചയും ചോദ്യോത്തരവും വേൾഡ് ഫുഡ് ഇന്ത്യയെക്കുറിച്ചുള്ള അവതരണവും പരിപാടിയിൽ നടന്നു.

## ഒരു സംരംഭകൻ പിറന്ന കഥ 01

**പി.എം. എഫ്.എം.ഇ.**











പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി (പി.എം. എഫ്.എം.ഇ.) പ്രകാരം പഞ്ചാബ് നാഷണൽ ബാങ്ക് , കുത്തനൂർ ശാഖയിൽ നിന്നും വായ്പ ലഭ്യമാക്കിയ ' ഭഗവതി ദോശ മാവ് എന്ന സ്ഥാപനം കുത്തനൂരിൽ (2023 മെയ് 29 ) പ്രവർത്തനമാരംഭിച്ചു.

വ്യവസായ വാണിജ്യ വകുപ്പിൻ്റെ സഹായത്തോടു കൂടിയാണ് ശ്രീ.ഗോകുൽദാസ് എന്ന സംരംഭകൻ്റെ ഉടമസ്ഥതയിൽ ഭഗവതി ദോശ മാവ് എന്ന സ്ഥാപനം പാലക്കാട് ജില്ലയിലെ കുത്തനൂർ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത്. പി.എം. എഫ്. എം.ഇ. പദ്ധതി പ്രകാരം പഞ്ചാബ് നാഷണൽ ബാങ്ക്, കുത്തനൂർ ശാഖയിൽനിന്നും 6,52,455 രൂപ നൽകുകയും ചെയ്തു. സ്ഥാപനം ഉടമ ഉൾപ്പടെ 6 തൊഴിലാളികൾ ആണ് ഈ സ്ഥാപനത്തിൽ ഉള്ളത്. സൂപ്പർ മാർക്കറ്റുകളിൽ നിന്നും മറ്റു ചെറുകിട സ്ഥാപനത്തിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്.



# മികച്ച സംരംഭങ്ങൾക്ക് പുരസ്കാരം

### വെബ്സൈറ്റ് ബഹു. മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് പുരസ്കാരം നൽകുന്നു. 2023ലെ സംസ്ഥാന പുരസ്കാരത്തിന് അപേക്ഷിക്കുന്നതിനുള്ള പോർട്ടൽ http://awards.industry.kerala.gov.in ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ആവാസ വ്യവസ്ഥ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംരംഭങ്ങളെ അംഗീകരിക്കുന്നതിലൂടെ മറ്റുള്ള സംരംഭങ്ങൾക്ക് മികവിനായി പരിശ്രമിക്കാനുള്ള പ്രചോദനമാണ് ലക്ഷ്യമിടുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു. 2023 ആഗസ്റ്റ് 23 ന് ബഹു. മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, അഡീഷണൽ ഡയറക്ടർമാരായ ശ്രീ. ജി. രാജീവ്, ഡോ. കെ.എസ്. കൃപകുമാർ ജോയിൻ്റ് ഡയറക്ടർമാരായ ശ്രീമതി. സി.എസ്. സിമി, ശ്രീ. വി.ആർ. രാകേഷ്, ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുത്തു.

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ വിഭാഗത്തിൽ ഉത്പാദന, സേവന, വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ, കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾ, ഉത്പാദന സ്റ്റാർട്ടപ്പുകൾ, വനിത, പട്ടികജാതി, പട്ടികവർഗ, ട്രാൻസ് ജെൻഡർ സംരംഭങ്ങൾ എന്നിവയ്ക്ക് പുരസ്കാരങ്ങൾ നൽകും. സംസ്ഥാനത്തെ വ്യവസായ വാണിജ്യ മേഖലയ്ക്കും സമൂഹത്തിനും നൽകിയ മികച്ച സംഭാവനകളെ മുൻനിർത്തി ലൈഫ് ടൈം അച്ചീവ്മെൻ്റ് അവാർഡും നൽകുന്നതാണ്. 2021 - 22 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് സംരംഭങ്ങളെ തെരഞ്ഞെടുക്കുക.

സംരംഭക വർഷം 2022 - 23 പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും പുരസ്കാരം നൽകും. ഓൺലൈൻ സംവിധാനത്തിലൂടെയാണ് അവാർഡിന് അർഹമായ സംരംഭങ്ങളെയും സ്ഥാപനങ്ങളെയും തെരഞ്ഞെടുക്കുന്നത്. **വിശദ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി http://awards.industry.kerala.gov.in സന്ദർശിക്കുക. അവസാന തീയതി 2023 സെപ്റ്റംബർ 23.**

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.